(ബി)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

193 (1797) പിറവം ആയുർവേദ ആശുപത്രി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവത്ത് ആയുർവേദ ആശുപത്രിക്ക് 50 കിടക്കകളോടുകൂടിയ കെട്ടിടം പണിയുന്നതിനുള്ള അനുമതി എന്നാണ് സർക്കാർ നൽകിയത്;

(ബി) ഇതിന്റെ പണി എന്നാരംഭിച്ചു; എന്നു തീർന്നു; എന്തു തുക ചെലവായി;

(സി) പ്രസ്തുത ആശുപത്രിക്ക് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം എം.എൽ.എ. മാരിൽ നിന്നും സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പിറവം ആയുർവേദ ആശുപത്രിക്ക് 50 കിടക്കകളോടുകൂടിയ കെട്ടിടം പണിയുന്നതിന് 15.9.93-ൽ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്.

(ബി) 26.10.92-ന് പ്രസ്തുത കെട്ടിടത്തിന് തറക്കല്ലിട്ടു. 7.9.98-ൽ കെട്ടിടംപണി പൂർത്തിയാക്കുകയും ചെയ്തു. ഈ കെട്ടിടം പണിക്ക് മൊത്തം 52 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) ആവശ്യമായ നടപടിക്രമങ്ങൾ അനുവർത്തിക്കുന്നതിന് സ്വാഭാവികമായി ഉണ്ടാകാവുന്ന താമസമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ. തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 12.10.99-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പിറവം എം.എൽ.എ. യിൽ നിന്നും പിറവം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിൽ നിന്നും മറ്റും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഇ) പിറവം ഗവൺമെന്റ് ആയുർവേദ ആശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇപ്പോഴും ആശുപത്രി പഴയ കെട്ടിടത്തിലാണ് പ്രവർത്തനം നടക്കുന്നത്. വെള്ളത്തിന്റെയും വെളിച്ചത്തിന്റെയും ലഭ്യത ആയാലുടൻ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

194 (1798) പുതിയ വാർഡ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ 50 കിടക്കകളുള്ള വാർഡിന്റെ പണി പൂർത്തിയായെങ്കിലും ആവശ്യമായ സ്റ്റാഫ്, ഫർണിച്ചർ

LIBRARY ARCHIVES Kerala Legislative Assembly